**സർക്കുലർ**

117/NSS/DHSE/2018 23 /08/2018

**എൻഎസ്എസ് കർമ്മ സേന**

എല്ലാ ജില്ലകളിലും പ്രളയ ദുരിതാനന്തര ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തയ്യാറുള്ള വോളണ്ടിയർമാരെയും പ്രോഗ്രാം ഓഫീസർമാരെയും പിഎസി അംഗങ്ങളെയും ഉൾപ്പെടുത്തി ജില്ലാ കൺവീനറുടെ നേതൃത്വത്തിൽ എൻഎസ്എസ് കർമ്മ സേന ജില്ലാതലത്തിൽ രൂപീകരിക്കേണ്ടതും പ്രളയ ബാധിത പ്രദേശങ്ങളിൽ അവരുടെ സേവനം ലഭ്യമാക്കേണ്ടതുമാണ്.

നിലവിൽ അടിയന്തിര പ്രാധാന്യത്തോടുകൂടി ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ട വിദ്യാലയങ്ങളുടെ വിവരങ്ങൾ അതാത് പിഎസിമാർ ആഗസ്റ്റ് 25-ാം തീയതി 5 മണിക്ക് മുൻപായി ജില്ലാ കൺവീനർമാരെ അറിയിക്കേണ്ടതും ജില്ലാ കൺവീനർമാർ പ്രസ്തുത വിവരം ക്രോഡീകരിച്ച് ആഗസ്റ്റ് 26-ാം തീയതി 5 മണിക്ക് മുൻപായി പ്രോഗ്രാം കോഡിനേറ്ററെ അറിയിക്കേണ്ടതുമാണ്.

എല്ലാ പിഎസി അംഗങ്ങളും സ്വന്തം ക്ലസ്റ്ററിലെ സ്കൂളുകൾ സന്ദർശിച്ച് 2018 ആഗസ്റ്റ് 29 ന് മുൻപായി പ്രവർത്തന യോഗ്യമാക്കേണ്ടതാണ്. ശുചീകരണ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്ന സ്കൂളുകളിൽ അതാത് പിഎസിമാർ സന്ദർശനം നടത്തി എൻഎസ്എസ് കർമ്മ സേനയുടെ സഹായത്തോടെ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. വോളണ്ടിയർമാരുടെ അപര്യാപ്തതയിൽ മറ്റുജില്ലയിലെ കർമ്മസേനയുടെ സേവനം ജില്ലാകൺവീനർ മുഖാന്തിരം ആവശ്യപ്പെടാവുന്നതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ